# ചെങ്ങമനാട് മള്ളുശ്ശേരി തുരുത്ത് പട്ടിക ജാതി നാല്സെൻറ് കോളനി. എറണാകുളം റൂറൽ ജില്ല പോലീസ് മേധാവി സന്ദർശിച്ചു

എറണാകുളം റൂറൽ പോലീസിൻെറ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ചെങ്ങമനാട് പോലീസ് സ്റ്റേഷൻ പരിധിയിലെ പട്ടിക ജാതി കോളനിയായ മള്ളുശ്ശേരി തുരുത്ത് നാല്സെൻറ് കോളനി. ജില്ല പോലീസ് മേധാവി ശ്രീ. പി.എൻ.ഉണ്ണിരാജൻ ഐ.പി.എസ് ഇന്നലെ (09.09.16) സന്ദർശിച്ചു

സന്ദർശനത്തോടനുബന്ധിച്ച് കോളനിയിലെ അംഗനവാടി പരിസരത്ത് സംഘടിപ്പിച്ച ചടങ്ങിൽ ആലുവ ഡിവൈഎസ്.പി. ശ്രീ. കെ.ജി.ബാബുകുമാർ അദ്ധ്യക്ഷത വഹിച്ചു. അങ്കമാലി പോലീസ് ഇൻസ്പെക്ടർ ശ്രീ. മുഹമ്മദ് റിയാസ് സ്വാഗതം പറഞ്ഞു. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. മിനി എൽദോ, വാർഡ് മെമ്പർ ശ്രീമതി. ഷാൻറി ഷാജു, ചെങ്ങമനാട് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ശ്രീ. കെ.ജി.ഗോപകുമാർ എന്നിവർ സംസാരിച്ചു.

കോളനികളിലെ ഏകദേശം 100-ഓളം ആളുകൾ പങ്കെടുത്തു. കോളനി പരിസരത്ത് മദ്യപിച്ച് പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കുന്നവരെയും മറ്റും നിരീക്ഷിക്കുന്നതിന് പോലീസ് പട്രോളിംഗ് ശക്തമാക്കുന്നതിൻെറ ആവശ്യകതയെപ്പറ്റിയും മറ്റും കോളനി നിവാസികൾ തങ്ങളുടെ അഭിപ്രായങ്ങൾ ജില്ലാ പോലീസ് മേധാവി മുമ്പാകെ അറിയിച്ചു. കോളനിയിലെ കുടിവെള്ളക്ഷാമമുൾപ്പെടെ മറ്റു വകുപ്പുകൾക്ക് കീഴിൽ വരുന്ന ഏകദേശം 10 ഓളം പരാതികൾ ലഭിച്ചു. തുടർന്ന് ചായ സത്കാരവും നടത്തി.

ജനമൈത്രി പോലീസ് സംവിധാനത്തിൻെറ ഭാഗമായി ഉൾപ്രദേശങ്ങളിലുള്ള ജനങ്ങളുമായി പോലീസ് ഓഫീസർമാർ നേരിട്ടെത്തി സമ്പർക്കം പലർത്തുന്നതിൻെറ ഭാഗമായിട്ടായിരുന്നു വെള്ളിയാഴ്ച ജില്ലാ പോലീസ് മേധാവി കോളനി സന്ദർശിച്ചത്. ഇനിയും ഇത്തരം സന്ദർശനങ്ങൾ ജില്ല മുഴുവനും നടത്തുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു